ഭരണ ഭാഷ-മാതൃഭാഷ

ICDS/B6-5534/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 16/03/2020
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

വനിതാ ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും

മാഡം,

വിഷയം:-വനിതാ ശിശു വികസന വകുപ്പ്-കൊറോണ വൈറസ് ബാധ-ദുരന്ത നിവാരണം-കൗൺസിലർമാരെ നിയോഗിക്കുന്നത്-സംബന്ധിച്ച്

സൂചന:- 1. വനിതാ ശിശു വികസന ഡയറക്ടറുടെ 16/03/2020 ലെ നിർദ്ദേശം

സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൊറോണ വൈറസ് ബാധിച്ചവരെ ഐസൊലേറ്റ് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, ടി ആൾക്കാർക്ക് കൗൺസിലിംഗ് അനിവാര്യമായി തീർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കൊറോണ വൈറസ് ബാധിതർക്കും, വൈറസ് ബാധ സംശയിച്ച് നിരീക്ഷണത്തിലുള്ളവർക്കും കൗൺസിലിംഗ് ആവശ്യമുള്ള പക്ഷം Service Providing Centre(SPC), Family Counseling Centre (FCL), Our Responsibility to Children (ORC), One Stop Centre (OSC), District Child Protection Unit (DCPU), Psycho Social School Counselor എന്നീ സ്കീമുകളിൽ ഉൾപ്പെട്ട കൗൺസിലർമാരുടെ സേവനം ജില്ലാ കളക്ടർ/ആരോഗ്യവകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് ലഭ്യമാക്കാനുള്ള നടപടികൾ അതാത് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്. രോഗികളെ സ്കൂൾ കൗൺസിൽലർമാർ കൗൺസിൽ ചെയ്യുന്ന പക്ഷം, ടി കൗൺസിലർമാർ ആരോഗ്യവകുപ്പ് നിഷ്കർഷിക്കുന്ന നിരീക്ഷണ കാലാവധി കഴിയുന്നതുവരെ, അവരുടെ സ്കൂളിലെ കുട്ടികളുമായി സംവദിക്കുവാൻ പാടുള്ളതല്ല.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

പകർപ്പ്

എല്ലാ കീഴ് കാര്യാലയങ്ങൾക്കും